പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2752 19.06.2014 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളുടെ നിലവാരം ഉയർത്താനുള്ള നടപടികൾ

*ചോദ്യം*
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (എ) | സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് നടത്തുന്നതിനായി ' നാക് ' മാതൃകയിൽ കേരള സ്റ്റേറ്റ് അസസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാകത്തക്കവിധത്തിൽ ഒരു ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ കരട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു. |
| (ബി) | ന്യൂ ജനറേഷൻ കോഴ്സുകൾ തുടങ്ങുവാനുള്ള അക്കാദമിക് ഓട്ടോണമി ഗവൺമെന്റ് കോളേജുകൾക്ക് ഉൾപ്പെടെ നൽകുന്നതിന് തീരുമാനമെടുക്കുമോ? | (ബി) | മഹാരാജാസ് കോളേജ് , എറണാകുളം , യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം എന്നീ സർക്കാർ കോളേജുകൾക്കും 11 എയ്ഡഡ് കോളേജുകൾക്കും അക്കാദമി ആട്ടോണമി നൽകുന്നതിന് യു.ജി.സി. യ്ക്ക് ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം യു.ജി.സി. തന്നെയാണ് എടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ